(സി) നിലവിൽ 10 പോലീസ് ജില്ലകളിലാണ് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം (CCTNS) നടപ്പിലാക്കിയിട്ടുള്ളത്. ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതിക്കാവശ്യമായ കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, UPS, ഡിജിറ്റൽ ക്യാമറകൾ, ഇലക്ട്രോണിക് പെൻ, നെറ്റ്വർക്കിംഗ് സംബന്ധമായ ഉപകരണങ്ങൾ, ഡാറ്റാ സെന്റർ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എയർ കണ്ടീഷനറുകൾ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ പഴയ എഫ്.ഐ.ആറുകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും ഈ പദ്ധതിക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം (CCTNS) ആപ്ലിക്കേഷനിൽ വിവിധ മോഡ്യൂളുകളുണ്ട്. ഇതിൽ ജനറൽ ഡയറി, എഫ്.ഐ.ആർ. എന്നീ മോഡ്യൂളുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് മോഡ്യൂളുകളായ Investigation, Prosecution എന്നിവ ഉടൻ നടപ്പിൽ വരുത്തുന്നതാണ്.

(ഡി) രാജ്യത്തെ 14000-ൽ പരം പോലീസ് സ്റ്റേഷനുകളെയും 6000-ൽ പരം മറ്റ് ഇതര പോലീസ് ഓഫീസുകളെയും സംസ്ഥാനതലത്തിലുള്ള ഡാറ്റാസെന്റർ, ദേശീയ ഡാറ്റാ സെന്റർ എന്നിവവഴി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം (CCTNS). കേരളത്തിന്റെ ഡാറ്റാ സെന്റർ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർ

229 (2101) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയെന്ന വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പേർ പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് അഴിമതി, കൈക്കൂലി കേസ്സുകളിൽ ഉൾപ്പെട്ട എത്ര സർക്കാർ ജീവനക്കാർ ഉണ്ടെന്നും അതിൽ ഉൾപ്പെട്ട പോലീസുകാരുടെ എണ്ണം എത്രയെന്നും പ്രത്യേകം തിരിച്ച് നൽകുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് സസ്പെൻഷനിലായ സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയെന്നും അതിൽ എത്ര പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1225 സർക്കാർ ജീവനക്കാർ.

(ബി) 706 പോലീസ് ഉദ്യോഗസ്ഥർ.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും പ്രത്യേകമാക്കൽ

230 (2102) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പരിപാലനച്ചുമതലയും കുറ്റാന്വേഷണച്ചുമതലയും പ്രത്യേകമാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ക്രമസമാധാന പരിപാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-12-2006-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 3069/2006/ആഭ്യന്തരം പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽനിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണച്ചുമതലയും വേർതിരിച്ചുകൊണ്ട് ഉത്തരവായത്.

(ബി) കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.